**<u>"CORRUPTION, A CRIME AGAINST NATION"</u>**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 25.09.2024

# "ഓപ്പറേഷൻ വിസ്ഫോടൻ"- വെടിമരുന്ന് ലൈസൻസ് അനുവദിക്കുന്നതിൽ വിജിലൻസ് ക്രമക്കേടുകൾ കണ്ടെത്തി

സംസ്ഥാനത്ത് വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിന് ലൈസൻസ് അനുവദിക്കുന്നതിലും പുതുക്കി നൽകുന്നതിലും ക്രമക്കേടുകൾ നടക്കുന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ " ഓപ്പറേഷൻ വിസ്ഫോടൻ" എന്ന പേരിൽ ഇന്നലെ (24.09.2024) രാവിലെ 11 മണിമുതൽ സംസ്ഥാനമൊട്ടാകെ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി. വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസുകൾ വിതരണം ചെയ്യുന്ന സംസ്ഥാനത്തെ 14 ജില്ലകളിലേയും ജില്ലാ കളക്ടറേറ്റുകളും ലൈസൻസ് നേടിയ സ്ഥാപനങ്ങളും കേന്ദ്രീകരിച്ചാണ് വിജിലൻസ് പരിശോധന നടത്തിയത്.

ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ശരിയായ രീതിയിൽ പരിശോധന നടത്താതെ ലൈസൻസുകൾ അനുവദിക്കുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് സംസ്ഥാനമൊട്ടാകെ മിന്നൽ പരിശോധന നടത്തിയത്.

കേരളത്തിൽ വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷകൾ അതത് ജില്ലാ കളക്ടർമാർ പരിശോധിച്ച ശേഷം 25 കി.ഗ്രാം വരെ വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിനുള്ള LE 5 ലൈസൻസ് നൽകുന്നത് അതാത് ജില്ലാ കളക്ടർമാരും 25 കി.ഗ്രാമിന് മുകളിൽ 500 കി.ഗ്രാം വരെയുള്ള LE 1 ലൈസൻസ് കേന്ദ്ര ഗവൺമെന്റിന് കീഴിൽ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന Petroleum and Explosive Safety Organization (PESO) ന്റെ സബ് സർക്കിൾ ഓഫീസും 500 കി.ഗ്രാമിന് മുകളിൽ ഉള്ള LE 3 ലൈസൻസ് ചെന്നൈയിലുള്ള PESO-യുടെ സോണൽ ഓഫീസുമാണ് നൽകി വരുന്നത്.

ആലപ്പുഴ കളക്ടറേറ്റിൽ നടത്തിയ മിന്നൽ പരിശോധനയിൽ ലൈസൻസ് അനുവദിച്ച ചില അപേക്ഷകളിൽ അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ പ്രകാരമുള്ള കെട്ടിട നമ്പരിലും വെരിഫിക്കേഷൻ റിപ്പോർട്ടുകളിലെ കെട്ടിട നമ്പരിലും വൈരുദ്ധ്യങ്ങൾ

ഉള്ളതായും മറ്റൊരു അപേക്ഷയിൽ കളക്ടറേറ്റിലെ പരിശോധനാറിപ്പോർട്ടിൽ മൂന്ന് കെട്ടിടങ്ങളും അഗ്നിസുരക്ഷാ സേനയുടെ പരിശോധനാറിപ്പോർട്ടിൽ ഒരു കെട്ടിടവും കാണപ്പെട്ടിട്ടുള്ളതായും മറ്റൊരു അപേക്ഷയിൽ കെട്ടിട നികുതി ഒടുക്കിയ രസീതിലെ കെട്ടിട നമ്പരിലും തഹസീൽദാരുടെ റിപ്പോർട്ടിലും അഗ്നിസുരക്ഷാ സേനയുടെ റിപ്പോർട്ടിലും വെവ്വേറെ കെട്ടിട നമ്പരുകൾ രേഖപ്പെടുത്തിയിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

ഇടുക്കി ജില്ലയിൽ 2022- ജൂൺ മാസത്തിൽ മരണപ്പെട്ട ലൈസൻസിയുടെ ലൈസൻസ് നാളിതു വരെ റദ്ദ് ചെയ്യിട്ടില്ലായെന്നും വിജിലൻസ് കണ്ടെത്തി.

പാലക്കാട് ജില്ലയിൽ ക്രൈം കേസിൽ ഉൾപ്പെട്ട പ്രതിയ്ക്ക് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിക്കാതെ വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിച്ചതായും കൂടാതെ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും പോലീസിന്റെ റിപ്പോർട്ടിന് വിരുദ്ധമായി ലൈസൻസ് പുതുക്കി നൽകിയതായും വിജിലൻസ് കണ്ടെത്തി.

സംസ്ഥാനമൊട്ടാകെ നടത്തിയ പരിശോധനയിൽ വെടിമരുന്ന് നൽകുന്നതിനും പുതുക്കുന്നതിനുമായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 822 അപേക്ഷകൾ നിലവിൽ തീർപ്പ് കല്പിക്കാതെ വിവിധ കളക്ടറേറ്റുകളിൽ കെട്ടികിടക്കുന്നതായും വിജിലൻസ് കണ്ടെത്തി. ഇവയിൽ കോഴിക്കോട് 345, എറണാകുളം 185, മലപ്പുറം 74, പാലക്കാട് 48, കണ്ണൂർ 40, തിരുവനന്തപുരം 31, കാസർകോഡ്, തൃശ്ശൂർ 28 വീതവും ആലപ്പുഴ 16, കൊല്ലം 15, കോട്ടയം 5, വയനാട് 4, പത്തനംതിട്ട 3 എന്നിങ്ങനെ അപേക്ഷകൾ തീർപ്പ് കല്പിക്കാതിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

ഇന്നലെ നടന്ന മിന്നൽ പരിശോധനയിൽ 25 കി.ഗ്രാമിൽ കൂടുതൽ വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിന് കളക്ടർമാർ പ്രാഥമിക പരിശോധനയ്ക്ക് ശേഷം Petroleum and Explosive Safety Organization (PESO) ഓഫീസിലേയ്ക്ക് അയച്ച് നൽകുന്ന അപേക്ഷകൾ സംബന്ധിച്ച രജിസ്റ്ററുകൾ തിരുവനന്തപുരം, മലപ്പുറം തുടങ്ങിയ പല കളക്ടറേറ്റുകളിലും സൂക്ഷിക്കുന്നില്ലെന്നും കണ്ണൂർ കളക്ടറേറ്റിൽ ലൈസൻസ് നൽകുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ അപൂർണ്ണമാണെന്നും വിജിലൻസ് കണ്ടെത്തി.

ഇന്നലെ നടത്തിയ മിന്നൽ പരിശോധനയിൽ ലൈസൻസ് നേടിയ സ്ഥാപനങ്ങളിൽ പലതിലും ലൈസൻസ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ച് കാണുന്നില്ലെന്നും വിജിലൻസ് കണ്ടെത്തി.

എറണാകുളം ജില്ലയിലെ കീഴ്മടങ്ങ് പ്രവർത്തിക്കുന്ന ലൈസൻസ് നേടിയ സ്ഥാപനത്തിൽ മാഗസിനിൽ സൂക്ഷിയ്ക്കേണ്ട വെടിമരുന്ന് രണ്ട് വാഹനത്തിൽ സൂക്ഷിച്ചിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

കൊല്ലം ജില്ലയിലെ പുനലൂരിൽ വെടിമരുന്ന് സൂക്ഷിച്ചിരിക്കുന്ന കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ച് കാണുന്നില്ലായെന്നും അവിടെ ക്യാമറ, മണൽ നിറച്ച ബക്കറ്റ് , തീ അണക്കാനുള്ള സംവിധാനം എന്നിങ്ങനെയുള്ള സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്നും പ്രസ്തുത കെട്ടിടത്തിന് ഏകദേശം 30 മീറ്റർ മാറി ജനങ്ങൾ താമസിക്കുന്നതായും വിജിലൻസ്

കണ്ടെത്തി. കൊല്ലം ജില്ലയിലെ ചുണ്ടോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്നും വിജിലൻസ് കണ്ടെത്തി.

ഇന്നലെ ആരംഭിച്ച മിന്നൽ പരിശോധന രാത്രി വൈകിയാണ് പൂർത്തിയായത്. ലൈസൻസുകൾ നേടിയ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുള്ള പരിശോധന ഇന്നും തുടരുന്നതാണെന്നും മിന്നൽ പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളെ പറ്റി വിശദമായ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് തുടർനടപടികൾക്കായി കൈമാറുന്നതാണെന്നും വിജിലൻസ് വൃത്തങ്ങൾ അറിയിച്ചു. ഇന്നലെ മുതൽ നടന്നു വരുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുത്തുവരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് അഭ്യർത്ഥിക്കുന്നു.